SUBALTERN STUDIES

# ദളിത് സ്വത്വാവിഷ്കാരം – ഉത്തരാധുനിക മലയാളകവിതകളിൽ

**ഡോ. രേഖ എസ്**
അസിസ്റ്റന്റ് പ്രൊഫസർ
മലയാളവിഭാഗം
ശ്രീനാരായണ വനിതാ കോളേജ്
കൊല്ലം
Email: rekharadhesan@gmail.com

**സംഗ്രഹം**

നവോത്ഥാനപ്രവർത്തനങ്ങൾ രൂപപ്പെടുത്തിയ പുത്തനുണർവിന്റെ സാംസ്കാരിക ഭൂമികയിലാണ് കേരളത്തിലെ കീഴാളവർഗജീവിതം സമൂഹത്തിൽ വലിയ തോതിൽ ചർച്ചചെയ്യപ്പെടുന്നത്. മലയാളികളുടെ കാവ്യഭാവനയിലും വിചാരലോകത്തിലും ഒരു പിളർപ്പ് സംഭവിച്ച കാലമായി ആ ഘട്ടത്തെ കരുതാവുന്നതാണ്. കുമാരനാശാന്റെ ദുരവസ്ഥ, പണ്ഡിറ്റ് കെ.പി. കറുപ്പന്റെ ജാതിക്കുമ്മി എന്നീ കൃതികൾ ദളിത്പ്രതിരോധത്തിന്റെ പുത്തനുണർവുകൾ സമൂഹത്തിലവതരിപ്പിച്ച കൃതികളാണ്. ഇവയുടെ ആഖ്യാനസ്വരൂപത്തെ ആശ്രയിച്ച് വളർന്നുവന്ന ആധുനികാനന്തര ദളിത്കവികൾ 'ദളിത് സ്വത്വാവിഷ്കാര'മെന്ന ആശയത്തെ കുറേക്കൂടി ആത്മനിഷ്ഠമായി കവിതയിലാവിഷ്കരിക്കാൻ ശ്രമിക്കുകയുണ്ടായി. എസ്. ജോസഫ്, എം.ബി. മനോജ്, റഫീക്ക് അഹമ്മദ്, എം.ആർ. രേണുകുമാർ, സി. എസ്. രാജേഷ്, സുനിൽകുമാർ എം. എസ്., ധന്യ എം. ഡി., വിജിലചിറപ്പാട്, എസ്. കലേഷ് തുടങ്ങിയ കവികൾ അതിൽ പ്രമുഖരാണ്. സമൂഹത്തിൽ ശക്തമായ പ്രതിരോധം സൃഷ്ടിക്കാനുള്ള ഒരു മാധ്യമമായി അവർ കവിതയെ സ്വീകരിച്ചു. മണ്ണിനെയും മനുഷ്യനെയും പ്രകൃതിയെയും സ്വാംശീകരിക്കുന്നതിനൊപ്പം മാനവസമുദായത്തെ ബാധിച്ചിരുന്ന എല്ലാത്തരം തിന്മകളെയും ഉച്ചാടനം ചെയ്യാൻ അവർ തങ്ങളുടെ കവിതകളിലൂടെ പരിശ്രമിച്ചു.

**താക്കോൽവാക്കുകൾ :** നസ്യം, കീഴാളസ്വത്വരൂപീകരണം, സാമൂഹികപ്രതിരോധം, ദളിത് സ്വത്വം, ദളിത് കർത്തൃത്വം, അരക്ഷിതം, വിഭവദരിദ്രം, ഐസ് ബ്രേക്കിംഗ്, ഗ്രാമ്യഭാഷ, അദളിതർ, രാഷ്ട്രീയപ്രതിരോധം, ഇരട്ടപ്രതിരോധം, ആഗോളീകരണം, ഗ്ലോബൽ ജീവിതം.

**ആമുഖം**

പൂർവികരിൽനിന്നും തീർത്തും വ്യത്യസ്തമായ പുതുശബ്ദമായിരുന്ന ഉത്തരാധുനിക ദളിത്കവികളുടെ കവിതകൾ. ആഹ്വാനങ്ങളിൽനിന്നും പ്രതിഷേധങ്ങളിൽനിന്നും നിലവിളികളിൽനിന്നും വിട്ടുനിന്ന പുതുദളിത്കവിത, ഒരു നൂതനപ്രതിരോധം സമൂഹത്തിൽ സൃഷ്ടിച്ചു. ചരിത്രത്തിൽ എഴുതിപ്പിടിപ്പിച്ച ജാതിവർഗ്ഗവേർതിരിവുകൾ പൂർവനിശ്ചിതമായ അജണ്ടകളാണെന്നും അത് ആരുടെയൊക്കെയോ സ്വാർത്ഥപരമായ ഇച്ഛയ്ക്കുവേണ്ടി രൂപം കൊടുത്ത നിയമങ്ങളാണെന്നും അവർ തങ്ങളുടെ കവിതകളിലൂടെ വിളിച്ചുപറഞ്ഞു. അന്നുവരെ എഴുതപ്പെട്ട ചരിത്രത്തെ തിരുത്തി, എഴുതപ്പെടാത്ത ഒരുപുതിയ ചരിത്രമെഴുതുന്നതിന് തൂലികയെടുക്കുന്നുവെന്ന് അവർ കവിതകളിലൂടെ ഉറക്കെപ്പാടി. ചരിത്രത്തിൽ അടയാളപ്പെടുത്താത്ത ദളിത് ജീവിതത്തെ തിരഞ്ഞുപിടിച്ച് ഒരു പുത്തൻ പ്രതിരോധം കവിതകളിലൂടെ സമൂഹത്തിൽ സൃഷ്ടിക്കുകയാണ് ഉത്തരാധുനിക ദളിത്കവികൾ ചെയ്യുന്നത്. സഹതാപം, ഉദാരത തുടങ്ങിയ വികാരങ്ങളെ പിൻതള്ളി ഒരു പൗരന്റെ പ്രതിനിധാന അവബോധഘട്ടങ്ങളാണ് ദളിത് കവിതകളിൽ പ്രതിഫലിക്കുന്നത്. പുരുഷന്മാരാൽ മർദ്ദനമേൽക്കുന്ന സ്ത്രീകൾ, അമ്മമാരുടെ കഷ്ടതകൾ, വരേണ്യരാൽ പീഡനങ്ങൾക്കും ബലാത്സംഗത്തിനും ഇരയാകുന്ന ദളിത് സ്ത്രീകൾ എന്നിങ്ങനെ യാഥാർത്ഥ്യങ്ങളുടെ ഇതുവരെ കാണാത്തിടങ്ങൾ ചിത്രീകരിച്ചാണ് പുതുദളിത്കവിതയുടെ മുഖം സമൂഹത്തിൽ കൂടുതൽ തീഷ്ണമായിത്തീരുന്നത്. സമൂഹത്തിൽ നിലനിൽക്കുന്ന അധികാരഘടനകൾ അധഃസ്ഥിതവിഭാഗത്തെ വ്യത്യസ്തരീതിയിലാണ് സമീപിക്കുന്നത്. സർവ്വകലാശാലകൾ, ആശുപത്രികൾ, ആധുനികതൊഴിലിടങ്ങൾ, കോടതികൾ എന്നിവിടങ്ങളിലെല്ലാം അവരെ പാർശ്വവത്കരിക്കുന്ന പ്രവണത കണ്ടുവരുന്നുണ്ട്. ദലിതരും ആദിവാസികളും സ്ത്രീകളും ഇത്തരം പൊതുഇടങ്ങളിൽ നേരിടുന്ന വിവേചനങ്ങൾ ആരും അധികം ശ്രദ്ധിക്കാറില്ല. ഉത്തരാധുനിക ദളിത് കവിതകളുടെ മണ്ഡലം അത്തരം വിഷയങ്ങളിലേക്കുകൂടി ശ്രദ്ധതിരിക്കുന്നു.

**വിഷയാവതരണം**

ദളിത് ജീവിതത്തിന്റെ ഇരുണ്ട മുഖങ്ങൾ ശക്തമായ ഭാഷയിലാവിഷ്കരിച്ച് ഭൂതകാലത്തെ പ്രതിരോധത്തിന്റെ അടയാളമായി കവിതയിൽ വരച്ചുകാട്ടുന്ന കവിയാണ് എം.ബി. മനോജ്. തങ്ങളുടെ ഗോത്രജീവിതത്തെ ഭാഷയിലൂടെ വലിച്ചിഴച്ച് പൊതുസമൂഹത്തിൽനിന്നും പിൻതള്ളിപ്പോയ ഒരുകൂട്ടം സമൂഹത്തിന്റെ ജീവിതത്തെ ഓർമ്മപ്പെടുത്തലുകൾ പോലെ വരച്ചുകാട്ടുകയാണ് അദ്ദേഹത്തിന്റെ 'കുട്ടാന്തതയുടെ എഴുപത് വർഷങ്ങൾ' എന്ന കവിത. ദളിതനെ മൃഗതുല്യമായി കണ്ടിരുന്ന സാമൂഹികാവസ്ഥയിൽ നിന്നും സമൂഹം വളരെയധികം മുന്നോട്ടു പോകേണ്ടിയിരിക്കുന്നുവെന്നാണ് 'സർവ്വേ ഓഫ് ഇന്ത്യ' എന്ന കവിതയിലൂടെ 'എം.ബി. മനോജ്' അവതരിപ്പിക്കുന്നത്. ഇന്ത്യൻ സാഹചര്യത്തിൽ ഒരു ദളിതന്റെ അവസ്ഥയെ അദ്ദേഹം ചിത്രീകരിക്കുന്നതിപ്രകാരമാണ്.

"ഒരു ഗോവിനോ ഒരു ചണ്ഡാളനോ കൂടുതൽ തൂക്കം?
പേടിക്കേണ്ട ഒരു ചത്ത ഗോവിന്
ജീവനുള്ള അഞ്ച് ചണ്ഡാളന്റെ തൂക്കം
ജീവനുള്ള ഒരു ഗോവിന് ഇരുപത്തഞ്ച് കോടി ചണ്ഡാളൻമാരുടെ തൂക്കം". ഇന്ത്യൻ

സാഹചര്യത്തിൽ ദളിതർ നേരിടുന്ന ദുരന്തത്തിന്റെ നേർചിത്രമാണിത്. ജീവിക്കുമ്പോൾ മരിക്കുകയും മരിക്കുമ്പോൾ ജീവിക്കുകയും ചെയ്യുന്ന ജീവിതമാണ് ദളിതൻ ജീവിച്ചുതീർക്കുന്നതെന്നാണ് 'ചാവ്' എന്ന കവിതയിൽ എം.ബി. മനോജ് സാക്ഷ്യപ്പെടുത്തുന്നത്. ചാതുർവർണ്യവും അതിന്റെ തുടർച്ചയായ ജാതിവ്യവസ്ഥയും ജാതിക്കുള്ളിലെ ജാതിയും ദളിതന്റെ കൂട്ടായ്മയെ ഇല്ലാതാക്കിയെന്ന സത്യത്തെ വെളിപ്പെടുത്തുന്നതാണ് അദ്ദേഹത്തിന്റെ 'നസ്യ'മെന്ന കവിത.

"ഞങ്ങളും ഞങ്ങളെന്ന പറഞ്ഞു
തുടങ്ങിയപ്പോൾ
നിങ്ങൾ നമ്മളെന്ന തുടങ്ങി.
ഞങ്ങൾ നമ്മളെന്ന തിരുത്തി
മുഴുവൻ മനുഷ്യരുമെന്ന് നിങ്ങൾ"

എന്നിങ്ങനെ കീഴാളസ്വത്വരൂപീകരണത്തെ പ്രതിരോധിക്കുന്ന ശക്തികളെ മുഴുവൻ ദളിത്കവികൾ തങ്ങളുടെ കവിതകളിലൂടെ വരച്ചുകാട്ടുന്നു.

ആധുനികഘട്ട ദളിത്കവിതകൾ സ്വാനുഭവങ്ങളുടെ സാമാന്യവത്കരണമായിരുന്നു കവിതയിൽ സ്വീകരിച്ചത്. ദളിത് സ്വത്വത്തെ സൂക്ഷ്മതലത്തിൽ ചിത്രീകരിക്കാൻ അവർ ശ്രമിച്ചില്ല. എന്നാൽ ചുറ്റുപാടുമുള്ള സംഭവങ്ങളുടെയും വ്യക്തിത്വങ്ങളുടെയും ഉദ്ഗ്രഥനമായിരുന്നു ഉത്തരാധുനിക ദളിത്കവികൾ ലക്ഷ്യമാക്കിയത്. വ്യക്തിപരവും സ്വകാര്യവുമായ അനുഭവചിത്രീകരണങ്ങളിലൂടെ പൊതുജീവിതത്തിലും സമൂഹത്തിലും പ്രതിരോധം സൃഷ്ടിക്കാൻ ഉത്തരാധുനികകവികൾ ശ്രമിച്ചു. ഇതിന് ഉത്തമോദാഹരണമാണ് എസ്. ജോസഫിന്റെ 'കിണറെ'ന്ന കവിത. പൊതുസമൂഹത്തിന് അവകാശപ്പെട്ടതെല്ലാം ദളിതനുമാത്രം നിഷേധിക്കപ്പെടുന്ന സാമൂഹികഘടന പുനഃപരിശോധനയ്ക്കു വിധേയമാകണമെന്ന ചിന്തയാണീ കവിതയിലുള്ളത്. അടിസ്ഥാനാവശ്യങ്ങൾ നിർവ്വഹിക്കുന്നതിൽ സമൂഹം കൽപ്പിക്കുന്ന അയിത്താചാരങ്ങൾ, ചുറ്റുമുള്ള പ്രകൃതിയെയും ജന്തുജാലങ്ങളെയും മനുഷ്യരെയും വളരെ മനോഹരമായി ഈ കവിതയിൽ അദ്ദേഹം ചിത്രീകരിക്കുന്നു. പരന്നൊഴുകിയ ദളിത് സ്വത്വത്തെ പിടിച്ചുനിർത്തി, ദളിത്കർതൃത്വത്തെ യാഥാർത്ഥ്യബോധത്തോടെ ചിത്രീകരിച്ചു കാവ്യസമൂഹത്തിൽ അന്നുവരെ നിലനിന്ന കാവ്യകർതൃത്വത്തിൽ മാറ്റമുളവാക്കാൻ ഉത്തരാധുനിക ദളിത്കവികൾക്ക് സാധിക്കുന്നു. പൊതുസമൂഹത്തിന് അവകാശപ്പെട്ടതെല്ലാം ദളിതനു മാത്രം നിഷേധിക്കപ്പെടുന്ന സാമൂഹികഘടന പുനഃപരിശോധനയ്ക്കു വിധേയമാകണമെന്നും തങ്ങളുടെ അധികാരാവകാശങ്ങൾ സമൂഹത്തെ ബോധ്യപ്പെടുത്തണമെന്നുള്ള ബോധം ഈ പുതുകവികളിലുണ്ടായതിന് തെളിവാണ് ഈ കവിത. ഈ തിരിച്ചറിവ് അവരുടെ ബാധ്യതകളായിരുന്നു.

"മുമ്പൊക്കെ ഞങ്ങൾക്കൊന്നും കിണറില്ലായിരുന്നു.
വെള്ളമെടുക്കാൻ കുൻശൻമാരുടെ
വീടുകളിൽ പോണമായിരുന്നു
അവർ മുറ്റത്തുനിന്ന് തൊട്ടിയിൽ വെള്ളം കോരും
ഞങ്ങൾക്ക് താഴെനിന്ന് കവുങ്ങും പാളയിൽ കോരാം
അല്ലെങ്കിൽ പാടങ്ങൾക്ക് നടുവിൽ ഓലികളുണ്ട്"

(എസ്. ജോസഫ് - കിണർ)

എന്നിങ്ങനെ തികച്ചും വ്യക്തിപരമായ അനുഭവതലം സമൂഹത്തിന്റെ മുമ്പിൽ തുറന്നുകാട്ടാൻ നവദളിത്കവികൾക്ക് സാധിക്കുന്നുണ്ട്. ജാതീയതയും അയിത്തവും മൂലം കീഴാളജനത അനുഭവിക്കേണ്ടിവന്ന അടിച്ചമർത്തലിനെ കവിത വിശദീകരിക്കുന്നു.

എം.ആർ.രേണുകുമാറിന്റെ കവിതകളിലെത്തുമ്പോൾ വ്യക്തിപരമായ സ്വാകാര്യാനുഭവതലം കുറേക്കൂടി തീവ്രമാകുന്നുണ്ട്. അരക്ഷിതവും വിഭവദരിദ്രവുമായ ഒരു ലോകത്തിന്റെ ജീവിതയാഥാർത്ഥ്യങ്ങൾ തീവ്രവും കൂടുതൽ സ്വാഭാവികമായിത്തീരുന്നത് തികച്ചും സാധാരണമാണ്. ദളിത് സ്വത്വാന്വേഷണവും ദളിത് കർതൃത്വരൂപീകരണവുമാണ് ഇത്തരം രചനകളിലൂടെ ദളിത് കവികൾ ലക്ഷ്യമാകുന്നത്. "വിശപ്പുമൂത്ത് കണ്ണുപൊട്ടിയപ്പോൾ അരണയെ ചുട്ടുതിന്ന് മണ്ണിന് ചോറായ എളേത്തുങ്ങളെക്കുറിച്ച് പറഞ്ഞുതീരും മുൻപേ വിശപ്പാൽ ഒരുത്തി തലചുറ്റി വീഴുന്നു" എന്നും

"ഇണയില്ലാത്ത ഉടുഉണി ചുറ്റി
അപ്പൻ പുറത്തുപോകുമ്പോൾ
ചാക്കുടുത്തകത്ത് ചടഞ്ഞിരിക്കും
അമ്മയെപ്പറ്റിപറഞ്ഞ് ഒരുത്തി-
മൂക്കുപിഴിയുന്നു".

എന്നെല്ലാം എം.ആർ. രേണുകുമാർ 'ഐസ് ബ്രേക്കിംഗ്'' എന്ന തന്റെ കവിതയിലൂടെ ചിത്രീകരിക്കുമ്പോൾ അനുഭവങ്ങളുടെ ഇടുങ്ങിയ പരിസരത്തുനിന്നും തുറസ്സായ ഇടത്തേക്കുള്ള സഞ്ചാരത്തിലൂടെ, സമൂഹത്തിലും കാവ്യലോകത്തും ദളിത്കവികൾ പുതുപ്രതിരോധങ്ങൾ സൃഷ്ടിക്കുന്നു.

നൂറ്റാണ്ടുകളായി നിലനിന്നിരുന്ന നിശബ്ദതയെ തച്ചുടയ്ക്കാൻ ശ്രമിച്ച ആത്മബോധമുള്ള കവിയാണ് എം. എസ്. സുനിൽ കുമാർ. എസ്. ജോസഫ്, എം. ബി. മനോജ് എന്നിവരുടെ കാവ്യരചനാരീതിയിൽനിന്നും തീർത്തും വ്യത്യസ്തമായ ഭാഷകൊണ്ടാണ് കാവ്യരംഗത്ത് അദ്ദേഹം ശ്രദ്ധനേടിയത്.

"അടിവയറ്റിലിരമ്പുന്ന വേദന വിശപ്പാണെന്നറിഞ്ഞനേരം
കരിപിടിച്ച ആ മൂന്നു മൃഗങ്ങൾക്ക് മേലിരിക്കുന്ന
ചട്ടിയിലേക്ക് നോക്കുവാനെനിക്കു ധൈര്യവും പ്രതീക്ഷയും പോരാ
നനയാം ഞാൻ....." (തെളിവ്)
"അരിയാട്ടുവാൻ മുളകരയ്ക്കുവാൻ
ദോശയും ചമ്മന്തിയുമില്ലാതെ വെയിലത്തിരുന്ന്
വിശപ്പിനെക്കൊന്ന് നിങ്ങൾക്കുവേണ്ടി
ഞങ്ങൾ കൊത്തേണ്ടിവരുന്ന ആട്ടുകല്ലും അമ്മിയും" (കല്ലുകൊത്തുന്നവർ)

എന്നിങ്ങനെ ദളിത് സമൂഹത്തിന്റെ ചരിത്രവും വർത്തമാനവും തീവ്രമായ ഭാഷയിൽ അദ്ദേഹം ആവിഷ്കരിക്കുന്നു. മനുഷ്യാവസ്ഥയുടെ ഏറ്റവും ദീനമായ അവസ്ഥയായ തൊട്ടുകൂടായ്മയുടെ സമീപകാലദൃശ്യങ്ങളാണ് കല്ലുകൊത്തുന്നവർ എന്ന കവിതയിലുള്ളത്. ദളിത് ജീവിതത്തിന്റെ ആധികാരികതയും തീക്ഷ്ണതകൊണ്ടും രൂപപ്പെടുന്ന ഭാഷയുടെ ആവിഷ്കാരമാണ് സുനിൽകുമാറിന്റെ കവിതകൾ.


ISSN: 2582 - 2594

ഉത്തരാധുനിക ദളിത്കവിത, ഭാഷയിൽ ഇതുവരെ നിലനിന്നിരുന്ന വരേണ്യസങ്കല്പങ്ങളെയും പ്രതിരോധിക്കുന്നു. പാരമ്പര്യകാവ്യരചനാസമ്പ്രദായങ്ങളെ കൃത്യമായ മുന്നൊരുക്കത്തോടെ പൊളിച്ചെഴുതിയത് സമകാലിക ദളിത്കവിതകളാണ്. അവരിൽ എടുത്തുപറയേണ്ട വ്യക്തിയാണ് എസ്. ജോസഫ്. കൃത്യമായ മുന്നൊരുക്കത്തോടെ വരേണ്യഭാഷയെ പൊളിച്ചെഴുതി കവിത നിർമ്മിച്ചത് എസ്. ജോസഫാണ്. 'മലയാളകവിതയ്ക്ക് ഒരു കത്ത്' എന്ന കവിതയിൽ എസ്. ജോസഫ് ഇപ്രകാരം എഴുതുന്നു.

"നിന്റെ ആളുകളെ എനിക്കറിയാം
വലിയ കെട്ടിടങ്ങൾ പോലെയുള്ളവർ
അവർ നിന്നെ ചതുരങ്ങളിലും വൃത്തങ്ങളിലും പൂട്ടിയിട്ടു.
ഒരു തുളയിലൂടെ നീ പുറംലോകം കണ്ടു.
വീട്ടുപകരണങ്ങളിൽ തട്ടിവീണു.
തുണികളും ചിരികളുമെടുത്തണിഞ്ഞ്
അമ്പലത്തിൽ പോകുംവഴി
നീ കാറിലിരുന്ന് എന്നെ നോക്കിയത് മറക്കത്തില്ല".

അടിച്ചമർത്തപ്പെട്ട ഒരു ജനവിഭാഗത്തിന്റെ ആവലാതികൾ മാത്രമല്ല എസ്. ജോസഫിന്റെ കവിതകളിൽ. മറിച്ച് അലങ്കാരകല്പനകൾ കൊണ്ടുമാത്രം നിറഞ്ഞ മലയാളകവിതയിലെ ഭാഷാലാളിത്യവും സുതാര്യതയും വീണ്ടെടുക്കുകയെന്ന ലക്ഷ്യംകൂടി അദ്ദേഹത്തിനുണ്ടായിരുന്നുവെന്ന് ഈ കവിത വായിക്കുമ്പോൾ നമുക്കു മനസ്സിലാകും. ഭാഷ അതിന്റെ ഔപചാരികത കുടഞ്ഞെറിഞ്ഞ് അതിന്റെ സ്വത്വം വീണ്ടെടുക്കുകയാണ്. ഉത്തരാധുനിക ദളിത്കവിതയിൽ. എം.ബി. മനോജ് 'പേരില്ലാത്ത കവിത'യിൽ എഴുതിയതുപോലെ-

"വീട്ടിലേക്കു കൊണ്ടുവന്ന
ചപ്പാത്തിപ്പലകയ്ക്കു
ഒരിക്കൽപോലും
പരത്താനായി കിടക്കേണ്ടിവന്നില്ല"

ഇത്തരത്തിലുള്ള ലളിതഭാഷകളാണ് പുതുദളിത്കവിതകളുടെ ശക്തി. തന്നെയും തന്റെ വംശത്തെയും അടയാളപ്പെടുത്താൻ അവർ തനതുഗ്രാമ്യഭാഷ ഉപയോഗിക്കുന്നു. മനോജിന്റെ 'ബാർബർ ഷോപ്പ് ഒരു സംഭാഷണ'മെന്ന കവിത നോക്കുക.

" 002 എടുത്തത് പത്തെണ്ണമാ ഇരിക്കുന്നെ അടിച്ചില്ല
523 എടുത്തോ ഇന്നടിക്കുമെന്നുറപ്പാ"

എന്നിങ്ങനെ ലാളിത്യവും സുതാര്യവുമായ തനി മലയാളഭാഷയാണ് പുതുദളിത് കവിതകളുടെ സവിശേഷതകൾ.

"നിനക്കു വേണ്ടത് സ്വാതന്ത്ര്യമല്ലേ?
ഇവിടെ അതേയുള്ളൂ.
ഇഷ്ടമുള്ളതു പറയാം, ചെയ്യാം

തോട്ടിൽപ്പോയി കളിക്കാം
പറമ്പിലെത്തുന്ന കരിയിലാംപിടകളോടൊപ്പം
ചിലയ്ക്കാം". (എസ്. ജോസഫ് - മലയാള കവിതയ്ക്കൊരു കത്ത്)

എന്നിങ്ങനെ തനിമലയാളഭാഷയെ വീണ്ടെടുക്കാനുള്ള ശ്രമങ്ങൾ പുതു ദളിത്കവിതകളിൽ കാണാവുന്നതാണ്. ഇത്തരത്തിൽ കാവ്യപ്രമേയസ്വീകരണത്തിൽ മാത്രമല്ല കാവ്യഭാഷാരംഗത്തും പുത്തൻ പ്രതിരോധം തീർക്കാൻ ഉത്തരാധുനിക ദളിത് കവികൾക്കു സാധിക്കുന്നു.

ദളിതനുവേണ്ടി അദളിതർ കവിതയെഴുതുന്നതാണ് ആധുനികകാലത്തെ അനുഭവമെങ്കിൽ ഉത്തരാധുനികകവിതയിൽ ദളിതർ തന്നെ ദളിത് പ്രതിനിധാനമുള്ള കവിതകളിലൂടെ സാമൂഹികപ്രതിരോധം സൃഷ്ടിക്കുന്നു. ദളിത് ജീവിതാനുഭവത്തെ ദളിതർ തന്നെ ആവിഷ്കരിക്കുമ്പോൾ ആസ്വാദനം കൂടുതൽ ഹൃദയാവർജ്ജകമാവുന്നു. എസ്. ജോസഫിന്റെ കവിതകളിലാണ് ഇത്തരമൊരു സംരംഭത്തിനു തുടക്കം കുറിച്ചത്. ഇന്നലെവരെ തങ്ങൾക്കുവേണ്ടി മറ്റാരോ ചെയ്ത പണി ഇപ്പോൾ സ്വന്തമായി, സുഖവും സ്വാതന്ത്ര്യവും ഒന്നു വേറെതന്നെയാണെന്ന് എം.ആർ.രേണുകുമാർ പലപ്പോഴും സൂചിപ്പിച്ചിട്ടുണ്ട്.

ആശയ-ശില്പവൈദഗ്ദ്ധ്യത്തോടെ കവിതയെ അണിയിച്ചൊരുക്കുന്ന രീതി പുതുകവികൾ ഉപേക്ഷിക്കുന്നു. കവിതയുടെ ബാഹ്യരൂപത്തിൽ വന്ന മാറ്റം ഏറ്റവും ഫലപ്രദമായി ഉപയോഗപ്പെടുത്തിയത് നവ ദളിത്കവികളാണ്. കവിതയുടെ രചനാസമ്പ്രദായത്തിലും ഒരു പുതുപ്രതിരോധം സൃഷ്ടിക്കുകയാണ് അവർ തങ്ങളുടെ കവിതകളിലൂടെ ചെയ്തത്. എല്ലാ മനുഷ്യസൃഷ്ടിയിലും കവിത്വം ഒളിഞ്ഞിരിപ്പില്ലെന്ന വരേണ്യകാവ്യയുക്തിയെ പ്രതിരോധിക്കുകയാണ് ദളിത്കവികൾ ഇവിടെ. എസ്. ജോസഫിന്റെ 'പല കവിതകൾ' എന്ന കവിതയിൽ ഈ ആശയം വളരെ ഭംഗിയായി അവതരിപ്പിക്കുന്നുണ്ട്.

"വേശ്യപ്പണിക്കു പോയവൾക്ക്
തകരപാത്രം കവിതയാകുമോ
ആകും. മറ്റൊരു ജീവിതം കണ്ടെത്തുകയാൽ"
"കുഴിവെട്ടുകാരന് കവിതയില്ലെന്ന് തോന്നാം
എല്ലാ പ്രതീക്ഷയും വീണടിയുന്ന - പള്ളിപ്പറമ്പിലെ
യാറടി മണ്ണിൽ" - എന്നീ വരികൾ ഉദാഹരണങ്ങളാണ്.

ദളിത് പ്രതിരോധത്തോടൊപ്പം രാഷ്ട്രീയപ്രതിരോധം കൂടി സൃഷ്ടിക്കുന്നവരാണ് ഉത്തരാധുനിക ദളിത്കവികൾ. സ്വവിമർശനത്തോടൊപ്പം, സമൂഹത്തിൽ തങ്ങളെ ചൂഴ്ന്നുനിൽക്കുന്ന ജനാധിപത്യ-രാഷ്ട്രീയ വ്യവസ്ഥിതികളെയും അവർ ചോദ്യം ചെയ്യുന്നു. എം.ബി. മനോജിന്റെ 'സദൃശ്യവാക്യ'മെന്ന കവിതയിലെ

"എല്ലാ രാഷ്ട്രീയകക്ഷികളും
സ്വന്തം നുണകൾ വിഴുങ്ങി
ഒടുവിൽ കഴുത്ത് പുഴുത്ത്
ചാകുന്നു"

 ISSN: 2582 - 2594

“മണ്ണിലും വിണ്ണിലും ളുണിലും ളുരുമ്പിലും
സ്പോൺസേർഡ് ദൈവമിരിക്കുന്നു.
അവർ കരുണാമയരായ്
കാവൽവിളക്കായ്
കരാറിൽ ഒപ്പുവയ്ക്കുന്നു”.

ഈ വരികൾ അവരുടെ കവിതകളിലെ രാഷ്ട്രീയമായ പ്രതിരോധത്തിന് ഉദാഹരണങ്ങളാണ്. കീഴാളനുമേൽ ചാരിവെച്ച വർഗ്ഗരാഷ്ട്രീയത്തിന്റെ പിരിയൻ ഗോവണി ചിത്രമാണ് എം.ബി. മനോജിന്റെ ‘കൊല ചെയ്യപ്പെട്ടവരുടെ അർത്ഥ’മെന്ന കവിതയിൽ ചിത്രീകരിക്കുന്നത്. നമ്മുടെ രാഷ്ട്രീയ-സാമൂഹികസമ്പ്രദായത്തിൽ ഭൂമിയുടെ ക്രയവിക്രയങ്ങൾ ആതീവരഹസ്യമാർന്നതാണെന്ന് വ്യക്തമാക്കുന്നതാണ് എം.ബി. മനോജിന്റെ ‘ജീവൽഭാഷ’, ‘മരിച്ചുപോയ ശിശുക്കളുടെ നാട്’’, ‘മറയൂര്’’, ‘വയ(ൽ)’ എന്നീ കവിതകൾ.

സമകാലികപാരിസ്ഥിതികപ്രശ്നങ്ങളും സംഭവങ്ങളും ഇടകലർത്തി കവിതകൾ രചിക്കുന്നതിൽ ശ്രദ്ധാലുക്കളാണ് ഉത്തരാധുനിക ദളിത്കവികൾ. കാല്പനികത ചോർത്തിക്കളഞ്ഞ ശുദ്ധവികാരത്തോടെയാണ് അവർ സഹജീവികളോടും മൃഗങ്ങളോടും മരങ്ങളോടുമെല്ലാം പ്രതികരിക്കുന്നത്. ഇതുവരെ കാവ്യലോകത്ത് നിലനിന്നിരുന്ന നല്ലത്/ചീത്ത എന്നീ സങ്കല്പങ്ങളോടും ദളിത്കവികൾ പ്രതിരോധം തീർക്കുന്നുണ്ട്. ഇന്നുവരെ കവിതയിൽ നിലനിന്നിരുന്ന സൗന്ദര്യയുക്തിയെ ദളിത്കവിത നിരാകരിച്ചപ്പോൾ കാവ്യവരേണ്യവർഗ്ഗത്തിന് അത് ചീത്തകവിതയായിത്തീർന്നു. ഇതിനെതിരെ പൊരുതി മലയാളകാവ്യലോകത്തുതന്നെ ഒരു ഇരട്ട പ്രതിരോധം സൃഷ്ടിക്കുകയാണ് ദളിത്കവിത ചെയ്തത്. അതിൽ ഒന്നാമത്തേത് മലയാളകാവ്യരചനാസമ്പ്രദായത്തിൽ സ്വീകരിച്ച പുതിയ ഭാവുകത്വവും, രണ്ടാമത്തേത് ചരിത്രത്തിൽ കവിത പുലർത്തിയിരുന്ന അധീശശക്തികളെ ചോദ്യം ചെയ്യുകമാണ്.

ആഗോളീകരണവ്യവസായവത്കൃതലോകത്തിന്റെ അനന്തരഫലങ്ങൾ ദളിതന്റെ ജീവിതസാഹചര്യങ്ങളിലും സ്വാധീനം ചെലുത്തിയതിന്റെ നേർചിത്രങ്ങളും ദളിത് കവിതകളിൽ കാണാം. ശരീരത്തെ അപ്രസക്തമാക്കുന്ന സൈബർജീവിതത്തിലേക്കു ദളിതനും കടന്നിരിക്കുന്നുവെന്നതിന്റെ ദൃഷ്ടാന്തമാണ് ‘അൾസിര@’ എന്ന കവിത.

“തൊലി വെളുത്ത ചുണ്ട് ചൊവന്ന
സ്വർണ്ണ മുടിയുള്ള ഒരു ബ്രിട്ട്നി സ്പിയേഴ്സിനെ
തെരഞ്ഞ് ഞാൻ
ഒടുക്കം കുറിവീണത് അൾസിരയെന്ന
അയർലൻഡുകാരിക്ക്.
നെറ്റിനും ചാറ്റിനും കടപ്പാട്”

എന്നിങ്ങനെ ഒരു ഗ്ലോബൽ ജീവിതം സാധ്യമാക്കുന്ന സാധ്യതകളും പ്രലോഭനങ്ങളും സങ്കീർണ്ണതകളുമാണ് എം.ആർ. രേണുകുമാർ ഈ കവിതയിൽ വിഷയമാക്കുന്നത്.

ദളിത് സമൂഹത്തിന്റെ കണ്ണീരും ചോരയും പട്ടിണിയുമാണ് എസ്. കലേഷിന്റെ കവി

തകളിലെ മുഖ്യവിഷയം. തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും ചവിട്ടിത്താഴ്ത്തിയ മണ്ണിന്റെ തൊഴിലാളികളുടെ യാതനാജീവിതം അദ്ദേഹം തന്റെ കവിതയിൽ വരച്ചിടുന്നു.

"പറഞ്ഞു നീലമേഘം നീലയിൽ നീലയാം
പൊൻമാൻവിളവും തണവും വെയിലും
നുകർന്നിരിപ്പാണു പൊന്മാൻ
പഴഞ്ചനാം പണിക്കാരൻ പൊന്മാൻ
പറക്കുന്ന പൊട്ടുന്നനെ പൊന്മാൻ....."

പിടയ്ക്കും പരൽമീൻ ആ ചുണ്ടിൽ- എന്നിങ്ങനെ 'കിങ്ഫിഷർ' എന്ന കവിതയിൽ സ്വവംശചരിത്രത്തെ അദ്ദേഹം നോക്കിക്കാണുന്നുണ്ട്.

"കൊളുത്ത് അണ്ണാക്കിൽ കൊരുത്തു പോയിരുന്നു
എന്നെ കൊളുത്തിയ ചൂണ്ടകോൽ
ചുണ്ടിലുറപ്പിച്ച മീനുകൾ......
വെള്ളത്തിലൂടെ ചെകിള വീശി നീന്തി"

കരയ്ക്കു ഞാനങ്ങോട്ടുമിങ്ങോട്ടും ഓടിനടന്നു" (മീനുകളുടെ ശബ്ദത്തിൽ ഷൂള മടിക്കുന്ന ഒരാൾ).- ഇവിടെ ജീവിതം, മർദ്ദനം ഒറ്റപ്പെടുത്തി ഒതുക്കുന്ന തീണ്ടലും തൊഴിലും ജന്മിമാരുടെ കണ്ണിച്ചോരയില്ലാത്ത ചൂഷണം എന്നിവയ്ക്കു പുതിയ കാലത്തിൽ മറ്റൊരു രൂപത്തിലുണ്ടായ പരിണാമം വിഷയമാക്കുന്നു. ദളിത് സമൂഹത്തിന്റെ വേദനകൾ അടയാളപ്പെടുത്താനും അവ മാറ്റാൻ പുതിയ നിയമങ്ങളും പൗരബോധവും ഉണ്ടാകേണ്ടതിന്റെ ആവശ്യകത അദ്ദേഹത്തിന്റെ കവിതകളിൽ വായിച്ചറിയാം.

സമൂഹത്തിൽ അവഗണിക്കപ്പെടുകയും ചരിത്രമില്ലാതായിപ്പോവുകയും ചെയ്യുന്ന മനുഷ്യരെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തലുകളാണ് ധന്യാ പി. രാജിന്റെ ദളിത് കവിതകൾ. ദളിതരുടെ ജൈവസത്തയുടെ അംശങ്ങളിൽ, നിറങ്ങളിൽ, പ്രണയത്തിൽ ആർത്തിരമ്പുന്ന ഹൃദയവേദനകളെന്ന് അവർ ഓർമ്മപ്പെടുത്തുന്നു.

"ഇളം വെയിൽ കഷണങ്ങളും
കാറ്റും ചേർത്ത് വെച്ച്
പൂചൂടിയ മരങ്ങൾ നെയ്തുകൊണ്ടിരിക്കുന്നു.
കറുത്തചേലകൾ
പാതവക്കത്തുറങ്ങുന്ന അമ്മയും കുഞ്ഞിനും
കരുതലോടെ പുതപ്പുകൾ..." (വെയിൽ വരയ്ക്കും ചിത്രങ്ങൾ)

എന്നിങ്ങനെ സമൂഹം ഇടം നിഷേധിക്കുന്നവർക്ക് പ്രകൃതി ചേർത്തുനിർത്തുമെന്ന് അവർ പാടുന്നു.

ദളിതരുടെ പ്രശ്നങ്ങളോടൊപ്പം പ്രത്യേകിച്ചും ദളിത് സ്ത്രീകളുടെ ശാക്തീകരണത്തിനും ശ്രമിച്ച യുവ എഴുത്തുകാരിയാണ് വിജില ചിറപ്പാട്. ദളിത് സാഹിത്യം കണ്ടുമടുത്ത വിലാപച

രിത്രങ്ങളിൽനിന്നും വ്യത്യസ്തമായൊരു സമീപനമാണ് അവരുടേത്. അടുക്കളയില്ലാത്ത വീട്, അമ്മ ഒരു കാല്പനികകവിതയല്ല, പകർത്തിയെഴുത്ത് തുടങ്ങിയ കവിതകളെല്ലാം സങ്കീർണത നിറഞ്ഞ ദളിത് സ്ത്രീയുടെ ജിവിതം വളരെ ലളിതമായി ചിത്രീകരിക്കുന്നു.

"മുന്നോട്ടു പറന്നവൾ
ഞങ്ങളുടെ വീട്ടിൽ
ടി.വി. ഇല്ല
ഫ്രിഡ്ജ് ഇല്ല
മിക്സറും ഇല്ല
ഗ്രൈൻഡറും ഇല്ല
എൽ.പി.ജി. ഇല്ല
ഒരു ഇരുമ്പുപെട്ടി പോലുമില്ല.
എന്നിട്ടും അമ്മ അറിഞ്ഞു
ഇവ എങ്ങനെ പ്രവർത്തിപ്പിക്കാം
ഞാൻ ചെയ്യുന്നതിനു വളരെമുമ്പ്.
കാരണം, മാധവിക്കുട്ടിയുടെ കഥകളിലെപ്പോലെ
എം.ടി.യുടെ നോവലുകളും
അവൾ ജാനു ആണ് - സേവകൻ."

എന്നിങ്ങനെ എനിക്കറിയാവുന്ന അമ്മമാർ പ്രായോഗികമായി അവരുടെ ദൈനംദിന ജീവിതം നയിക്കുന്നവരും വാർത്തകളുടെ അലർച്ചകൾ കേൾക്കാതിരിക്കാൻ റേഡിയോ ഓഫ് ചെയ്യാൻ നിങ്ങളോട് ചുരുട്ടി ആവശ്യപ്പെടുന്നവരുമാണെന്ന് അവർ അവകാശപ്പെടുന്നു. ജോലിസ്ഥലത്തെ സൂക്ഷ്മമായ വിവേചനത്താൽ നിരാശപ്പെടുമ്പോൾ, അവളുടെ ഉത്ഭവത്തിനു മുകളിൽ ഉയരാൻ ആവശ്യപ്പെടുന്നു. "എന്നാൽ ഓരോ ദിവസവും ആരെങ്കിലും അല്ലെങ്കിൽ മറ്റൊരാൾ ഒരിക്കലും ദളിത് ഐഡന്റിറ്റി നിങ്ങളിൽ പുരട്ടുന്നതിൽ പരാജയപ്പെടാത്തപ്പോൾ ഒരാൾ എങ്ങനെയാണ് ഒരാളുടെ ഉത്ഭവത്തിനു മുകളിൽ ഉയരുന്നത്?" അവർ അത്ഭുതപ്പെടുന്നു. ഇത്തരമൊരു ദളിത് ബോധം എപ്പോഴും അവരുടെ കഥകളിൽ വ്യാപിച്ചുകിടക്കുന്നു. കേരളീയസമൂഹത്തിൽ അന്തർലീനമായിക്കിടക്കുന്ന ജാതീയതയ്ക്കെതിരെ അവർ ശബ്ദമുയർത്തി. ജാതിരഹിതമായ ഒരു സമൂഹത്തെ അവർ സ്വപ്നം കണ്ടു.

ജാതീയതയും അയിത്തവും മൂലം കീഴാളജനത അനുഭവിക്കേണ്ടിവന്ന അടിച്ചമർത്തലിനെ സി. എസ്. രാജേഷ് തന്റെ കവിതകളിലൂടെ ചിത്രീകരിക്കുന്നു.

"ഒട്ടുമറയ്ക്കാതെ
ഒട്ടും മടിക്കാതെ
മൊത്തോം പരസ്യമായി ഞാൻ കഴിക്കാം
നിന്നോടെനിക്കെന്തു പഴയ തീണ്ടൽ?

(എങ്കിലും ദൈവമേ
സൃഷ്ടിതൻ നാളിൽ നീ
വാഴേടെ കാര്യം മറന്നില്ലല്ലോ.)
കണ്ടത്തിൻ കരയിലെ
കല്യാണവീട്ടുകളിലിങ്ങനെ
തലേന്നവെട്ടുമ്പോൾ
അറിയുന്ന ദൈവമേ
പിഴച്ചൊരീ കാലത്ത്
വാഴയെക്കാൾ വലിയ സൃഷ്ടിയുണ്ടോ?!"

എന്നിങ്ങനെ വരേണ്യവിഭാഗത്തിന്റെ വീട്ടുകളിൽ കൂലിപ്പണിയെടുത്ത് തീറ്റുന്നവനെ ജാതിയുടെ പേരിൽ അകറ്റിനിർത്തുന്നതിനെ കവി പുച്ഛിക്കുന്നു.

വരേണ്യകവിതയോടുള്ള വിമർശനം, ഭാഷയെ വളച്ചുകെട്ടില്ലാതെ ഉപയോഗിക്കൽ, അനാർഭാടമായ എഴുത്തുരീതി, സവിശേഷസ്ഥലങ്ങളും കാലവും കവിതയിൽ അനുഭവപ്പെടുത്തൽ, പുതിയ നൈതികബോധം - എന്നിവയാണ് ആധുനിക ദളിത്കവിതയുടെ മുഖ്യപ്രതിരോധ മാർഗ്ഗങ്ങൾ. മലയാളികളുടെ സാമൂഹികബോധത്തിൽ നിലനിൽക്കുന്ന ജാതീയവും വർഗ്ഗീയവുമായ പിളർപ്പിനെ കവിതകൊണ്ട് നേരിടാൻ ദളിത്കവി ശ്രമിക്കുന്നു. ആഡംബരമില്ലാത്ത ആ ചെറുകവിതകൾ പുതിയ കവിതയുടെ പൂമുഖത്ത് പുതിയ പ്രതിരോധങ്ങൾ സൃഷ്ടിക്കുന്നു. രൂപഭംഗിയും ശബ്ദാഡംബരവും നിറഞ്ഞ കവിതകൾ ആഘോഷവും അത്ഭുതവും പകർന്നുതരുമ്പോൾ ഈ ചെറിയ ആഖ്യാനങ്ങൾ മൺകുടിലിലെ ജീവിതത്തെ മെനഞ്ഞെടുക്കുന്നതിന്റെ സുഖം ആസ്വാദകർക്ക് പകർന്നുനൽകുന്നു. ദളിത് വർഗ്ഗത്തിന്റെ സാമൂഹികവും സാംസ്കാരികവും രാഷ്ട്രീയവുമായ പ്രതിരോധം കൂടിയാണ് ഈ ആഖ്യാനകവിതകൾ.

## ഗ്രന്ഥസൂചി


1. ദളിത് പഠനം: സ്വത്വം, സംസ്കാരം, സാഹിത്യം, ഡോ. പ്രദീപൻ പാമ്പിരികുന്ന്, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2017
2. ദളിത് പാതകൾ, (എഡി). ബോബി തോമസ്, സൈൻ ബുക്സ്, തിരുവനന്തപുരം, 2010
3. ദളിത് സ്വത്വാവിഷ്കാരം ആധുനികാനന്തര മലയാളകവിതയിൽ, സാബു കോട്ടുക്കൽ നേട്ടപ്പള്ളി ബോഗ്സ്പോട്ട് കോം, 29 -9- 2012
4. ദലിത് തിരിച്ചറിവുകൾ, (എഡി). അജു. കെ. നാരായണൻ, (ജന. എഡി.). വി.പി. മാർക്കോസ്, 2009
5. കാതൽ -മലയാളത്തിലെ ദളിത് കവിതകൾ, ഡി സി ബുക്സ്, കോട്ടയം, 2012



ISSN: 2582 - 2594